




## മാനേജരുടെ വാക്കുകൾ...

ഒരിക്കൽ മാത്രമേ ഞാൻ നിശ്ശബ്ദനാക്കപ്പെട്ടുള്ളൂ
'നീ ആരാണെ'ന്ന്
ഒരുവൻ എന്നോട് ചോദിച്ചപ്പോൾ!
ക്ലാസ്സ് മുറികൾ സജ്ജമാക്കപ്പെടട്ടെ
നിശ്ശബ്ദത ഭേദിക്കപ്പെടട്ടെ.
കൊഴിഞ്ഞു വീണ പുഷ്പങ്ങൾ, ഇന്നലെകൾ.
കാലവും കരിവണ്ടും കണ്ണുകളും
മധു നുകരാൻ ഇന്നിനെ പൂജിക്കട്ടെ.
ഒരു മൺതരിക്കു ചുറ്റും
വേദന പടുത്തുയർത്തിയ അമ്പലമാണ്
ഒരു മുത്ത്.
കാലം കരുതിവച്ച മാണിക്യവീണ
അതാരാണ്? ഞാൻ അല്ല എന്നിലെ നീ
മംഗളങ്ങൾ! ഭാവുകങ്ങൾ!
പ്രധാനാദ്ധ്യാപകനും കെ.റ്റി.ജെ.എം കുടുംബാങ്ങൾക്കും.

**ഫാ. ടോമി കാരാംവേലിൽ സി.എം.ഐ.**

## ഹെഡ്മാസ്റ്ററുടെ കത്ത്



അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ധർമ്മസഞ്ചാരണം ശ്രമകരമായ കാര്യമാണ്. ഈ അതിവേഗ പ്രയാണം നന്മയിലേക്ക് എന്നതിനേക്കാൾ തിന്മയിലേക്ക് ആയതു കൊണ്ടാണ് പ്രതിരോധം ആവശ്യമായി വരുന്നത്. ധാർമ്മികതയുടെ പീഠമാണ് മറിയാതെ നോക്കേണ്ടത്. പ്രതിരോധശേഷി കുറഞ്ഞവരാണ് സ്ത്രീകളും കുട്ടികളും ന്യൂനപക്ഷങ്ങളും. അതുകൊണ്ട് അവർക്കെതിരയുള്ള ആക്രമണം ശക്തമാണ്. പ്രതിരോധശേഷി കുറയുമ്പോൾ രോഗവ്യാപനത്തിന് ആക്കം കൂടും. അശ്ലീലം, അലംഭാവം, ആസക്തി, അസഹിഷ്ണുത തുടങ്ങിയ രോഗാണുക്കൾ സമൂഹഗാത്രത്തെ കാർന്നു തിന്നുകയാണ്. ഈ പശ്ചാത്തലത്തിലാണ് നാളത്തെ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തേണ്ടത്.

നമ്മുടെ വിദ്യാഭ്യാസ രീതിയും കുടുംബസംവിധാനങ്ങളും സാമൂഹ്യ ക്രമീകരണവും എപ്രകാരമാകണമെന്ന് ഉറക്കെ ചിന്തിക്കേണ്ട സമയമാണിത്. ചിന്ത പ്രാവർത്തികമാക്കുന്നില്ലെങ്കിൽ മരണം ഉറപ്പാണ്. ആസന്ന മൃത്യു കാത്തു കിടക്കുന്ന ഭൂമിക്ക് കവി ചരമഗീതം പാടിക്കഴിഞ്ഞു. ഭൂമിയുടെ മരണം ഒഴിവാക്കാൻ – ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാൻ മാർഗ്ഗം ഒന്നേ ഉള്ളൂ: ഒരു പെരിസ്ട്രോയിക്ക, ഒരു ഗ്ലാസ്നോസ്റ്റ്. ആ പൊളിച്ചെഴുത്തിനുള്ള ശ്രമമാണ് കെ.ടി.ജെ.എം സ്കൂളിലും നടക്കുന്നത്. അതിന്റെ ചിത്രങ്ങളും വരകളുമാണ് ഈ പത്രത്താളിലുള്ളത്.

ആശംസകളോടെ

**ഫാ. വർക്കി ചക്കാലയിൽ**



പാഠ്യ പാഠ്യേതര മേഖലകളിൽ ഏറെ മികവ് പുലർത്തുന്ന ഇടമറ്റം കെ.ടി.ജെ.എം. സി.എം.ഐ ഹൈസ്കൂളിന്റെ പുതിയ സംരംഭമായ ബുള്ളറ്റിന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ഇടമറ്റം കരയുടെ തിലകക്കുറിയായി പരിലസിക്കുന്ന ഈ സ്കൂളിന് ആത്മീയ, സാംസ്കാരിക, ശാസ്ത്ര, സാങ്കേതിക മണ്ഡലങ്ങളിൽ ഏറെ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും ഏറെ മുന്നേറ്റങ്ങൾക്ക് പുതിയ ബുള്ളറ്റിൻ കരുത്തേകട്ടെ.


ആശംസകളോടെ,


ഫാ. ജോൺ പുതിയാമറ്റം
(വികാർ,
സെന്റ് മൈക്കിൾസ് ചർച്ച്, ഇടമറ്റം)



കഴിഞ്ഞ 58 വർഷമായി പൊതുവിദ്യാഭ്യാസ രംഗത്ത് വളരെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇടമറ്റം കെ.റ്റി.ജെ.എം ഹൈസ്കൂൾ ഒരു വാർത്താ ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. വിദ്യാഭ്യാസ – കലാ – കായിക രംഗത്ത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മഹത്തരമാണ്. നാടിന്റെ കെടാവിളക്കായി പ്രശോഭിക്കുന്ന ഈ വിദ്യാലയത്തെക്കുറിച്ച് സമസ്ത മേഖലയിലുമുള്ളവർ അറിയുവാൻ ഈ പത്രിക ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ടെസ്സി കെ. ഫിലിപ്പ്
ഹെഡ്മിസ്ട്രസ്,
കെ.റ്റി.റ്റി.എം. എൽ.പി.എസ്.





# കെ.റ്റി.ജെ.എം. സ്കൂളും ഞാനും പിന്നെ കുറേ ഓർമ്മകളും

ഇടമറ്റത്തിന്റെ തിലകക്കുറിയായി ശോഭിക്കുന്ന ശ്രേഷ്ഠ വിദ്യാലയമാണ് 'കുരുവിനാക്കുന്നേൽ തൊമ്മൻ ജോസഫ് മെമ്മോറിയൽ ഹൈസ്കൂൾ'. 1952 -ൽ 52 -ാമത്തെ വയസ്സിൽ പരലോക പ്രാപ്തനായ കുരുവിനാക്കുന്നേൽ ശ്രീ തൊമ്മൻ ജോസഫിന്റെ ശാശ്വത സ്മരണ നിലനിർത്താനായി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ആരംഭിച്ചതാണ് K.T.J.M. H.S എന്ന ഈ വിദ്യാലയം. ഔസേപ്പച്ചൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ പ്രിയ പത്നിയായ ശ്രീമതി അന്നമ്മ ജോസഫ് കുരുവിനാക്കുന്നേൽ ആയിരുന്നു ആദ്യം മുതൽ സ്കൂൾ മാനേജർ. മൂത്ത മകൻ ശ്രീ ജോസഫ് തോമസ് ആയിരുന്നു സ്കൂളിന്റെ മുഖ്യ ശില്പി. മറ്റുള്ളവരുടെയെല്ലാം ആലോചനയും സഹകരണവും എന്നും ഉണ്ടായിരുന്നു.

ക്ലാരിസ്റ്റ് സിസ്റ്റേഴ്സിനെയാണ് ആദ്യമായി ടീച്ചേഴ്സ് ആയി നിയമിച്ചത്. ഭരണങ്ങാനം മഠത്തിൽ താമസിച്ച് മീനച്ചിലാർ കടന്നാണ് എന്നും അവർ സ്കൂളിൽ വന്നിരുന്നത്. സി. ഫിലിപ്പ് നേരി, സി. മരീനാമ്മ തുടങ്ങിയ സിസ്റ്റേഴ്സും M/S സി.പി. തോമസ്, സി.സി. മാണി, ഹിന്ദി അദ്ധ്യാപിക ശ്രീമതി കെ.കെ. മേരി തുടങ്ങിയവരും ആയിരുന്നു അദ്ധ്യാപകർ. പഠനത്തിലും ശിക്ഷണത്തിലും ഉന്നത നിലവാരം പുലർത്തിയിരുന്ന ഈ യു.പി. സ്കൂൾ 1966–67 ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. റവ. സി. തെരേസെ കീച്ചേരി ആയിരുന്നു ഹെഡ്മിസ്ട്രസ്. M/S എൻ.വി. ദേവസ്യാ, പി.എം. മാത്യു തുടങ്ങിയവർ അദ്ധ്യാപകരായി നിയമിതരായി.

1967–68 ൽ IX- ാം ക്ലാസ്സ് തുടങ്ങി. അധികം താമസിയാതെ വിളക്കുമാടം എച്ച്.എസ്. ലെ സീനിയർ അദ്ധ്യാപകരിലൊരാളായിരുന്ന വെട്ടത്ത് ശ്രീ വി.ഒ. മത്തായിയെ കെ.ഇ.ആർ ലെ വ്യവസ്ഥയനുസരിച്ച് ഈ സ്കൂളിലെ പ്രഥമ അദ്ധ്യാപകനായി 1967 സെപ്റ്റംബർ 1 -ാം തീയതി നിയമിച്ചു. പുതിയ ഹെഡ്മാസ്റ്റർ വരുന്നതിനു മുമ്പു തന്നെ ഹൈസ്കൂളിന്റെ പുതിയ രണ്ടുനില കെട്ടിടം മിക്കവാറും പൂർത്തിയായിരുന്നു. വിളക്കുമാടം സ്കൂളിൽ നിന്നും ആഘോഷമായി ഇവിടെ എത്തിച്ച അദ്ദേഹത്തെ ഈ സ്കൂളുകാരും ഹർഷാരവത്തോടെ സ്വീകരിച്ച് അകത്തേക്ക് ആനയിച്ചു. ക്ലാസ്സുകളൊക്കെ മുറക്കാരംഭിച്ചു. M/S കെ.സി. ചെറിയാൻ, കെ.എം. ഡൊമിനിക്, പി.സി. ജോസഫ്, എം.ജെ. തോമസ്, എ. നാരായണൻ നായർ തുടങ്ങിയവർ താമസിയാതെ അദ്ധ്യാപകരായി വന്നു. പക്ഷെ ക്ലർക്ക് പോസ്റ്റ് ഇല്ലായിരുന്നു. 68–69 ൽ X -ാം ക്ലാസ്സ് തുടങ്ങിയപ്പോൾ മുതലാണ് ക്ലെർക്ക് പോസ്റ്റ് ഉണ്ടാകുന്നത്. അതിനു മുമ്പ് ബഹു. സിസ്റ്റേഴ്സ് ടീച്ചറന്മാരാണ് ഓഫീസുകാര്യങ്ങൾ അദ്ധ്യയനത്തിനു പുറമേ നോക്കിയിരുന്നത്. സേവന തല്പരരായ റവ. സി. ഓർത്തൊലോനായും റവ. സി. ഡോണോ മരിയായും ആയിരുന്നു പ്രധാന സഹായികൾ. സ്കൂളിന്റെ ആരംഭദശയിലായിരുന്നതു കൊണ്ട് ധാരാളം ജോലിയുണ്ടായിരുന്നു. ഇവരുടെ സേവനങ്ങൾ അത്യാവശ്യ ഘട്ടങ്ങളിലൊക്കെ

→

## സ്കൂൾ ലീഡേഴ്സ്



ലഭിച്ചിരുന്നത് തികഞ്ഞ കൃതജ്ഞതയോടെ സ്മരിക്കുന്നു. ശ്രീ എ.ജെ. വർക്കി ക്ലർക്ക് ആയി നിയമിതനായ ശേഷം ഓഫീസു ജോലികളിൽ സമർത്ഥനായി ത്തീർന്നു.

M/S വി.ജെ. ആൻഡ്രൂസ്, എം.എം. അംബ്രോസ്, സി.എസ്. ആനി, റോസ് മുള്ളംകുഴി എന്നീ നോൺ ടീച്ചിംഗ് സ്റ്റാഫ് അംഗങ്ങളും അദ്ധ്വാനശീലരും കൃത്യനിഷ്ഠയുള്ളവരുമായിരുന്നു.

എല്ലാ അദ്ധ്യാപകരും കൃത്യനിഷ്ഠയുള്ളവരും അദ്ധ്വാനശീലരുമായിരുന്നു. പാഠങ്ങൾ വിശദമായി മനസ്സിലാക്കിയാണ് പഠിപ്പിച്ചിരുന്നത്. അവധി ദിവസങ്ങളിൽ സ്പെഷ്യൽ ക്ലാസ് ബുക്കിൽ പേരെഴുതാൻ അദ്ധ്യാപകർ ക്യൂ നിൽക്കുകയായിരുന്നു സാധാരണ. ടെസ്റ്റ് പേപ്പേഴ്സും കൂടെക്കൂടെ നടത്തിയിരുന്നു.

1968–69 ൽ പ്രഥമ ബാച്ച് വിദ്യാർത്ഥികൾ എസ്എസ്എൽസി പരീക്ഷയിൽ നൂറു ശതമാനം വിജയിച്ച് സ്കൂളിന്റെ യശസ്സ് നാടെങ്ങും പരത്തി. അദ്ധ്യാപകരുടെ കൂട്ടായ യത്നവും വിദ്യാർത്ഥികളുടെ നിരന്തരമായ പരിശ്രമവും രക്ഷകർത്താക്കളുടെ പ്രോത്സാഹനവും സർവ്വോപരി ഈശ്വരാനുഗ്രഹവും മൂലമാണ് പ്രഥമ എസ്എസ്എൽസി പരീക്ഷയിൽ തന്നെ 100 ശതമാനം വിജയം കൈവരിക്കാൻ സാധിച്ചത്. തൊട്ടടുത്ത ദിവസം തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദന യോഗത്തിൽ ഏവർക്കും പ്രിയങ്കരനായ ബഹു. മാണി സാറ് അനുമോദന പ്രസംഗവും മാനേജർ ചായസൽക്കാരവും നടത്തിയത് മറക്കാൻ കഴിയില്ല.

വിദ്യാർത്ഥികൾ പ്രവേശനത്തിനു വേണ്ടി താല്പര്യപൂർവ്വം എത്തിക്കൊണ്ടിരുന്നു. മൂന്നു മുറികളുള്ള താഴത്തെ കെട്ടിടവും വാട്ടർടാങ്കിനടുത്തുള്ള രണ്ട് മുറിയാക്കാവുന്ന ഷെഡും നിർമ്മിച്ചു. 8 –ാം ക്ലാസ്സിൽ മൂന്നും നാലും ഡിവിഷൻ വരെ ഉണ്ടായി. ക്രമേണ M/S പി.എം. തോമസ്, പി.റ്റി. മാത്യു, സി. സ്റ്റെല്ലാ മാരിസ്, പി.ററി. തോമസ്, ജോർജ്ജ് മാത്യു, റ്റി.ജെ. ജോർജ്ജ്, കെ.എം. തോമസ്, കെ.റ്റി. തോമസ്, പി.ജെ. ജോർജ്ജ്, റ്റി.സി. തോമസ്, സി. ആനീ പൗളിൻ, സി. എൽസി മരിയ, സി. ലീനസ് മരിയ തുടങ്ങിയ അദ്ധ്യാപകരും നിയമിക്കപ്പെട്ടു. എല്ലാ വർഷവും 100 ശതമാനം വിജയം കൊയ്യാൻ സാധിച്ചില്ലെങ്കിലും ഒരിക്കലും മോശമായി പോയിട്ടില്ല.

എൽ.പി.എസ് സ്കൂൾ കൂടെ ഒരുമിച്ചുണ്ടെങ്കിലേ ശരിയായ അടിസ്ഥാനമായിട്ട് പഠിപ്പിക്കാൻ സാധിക്കയുള്ളുവെന്ന് അറിയാമായിരുന്ന മാനേജ്മെന്റ്, എൽ.പി.എസ് ഉണ്ടാക്കാനുള്ള ശ്രമം തുടങ്ങിയിരുന്നു. ഇപ്പോൾ എൽ.പി.എസ് ഇരിക്കുന്ന സ്ഥലവും അതിന്റെ കോമ്പൗണ്ടും കാടു പിടിച്ചു കിടക്കുകയായിരുന്നു. ഇടമറ്റം സെന്റ് മിഖായേൽ പള്ളി വക സ്ഥലമായിരുന്നു അത്. ഏറ്റവും യോജിച്ച സ്ഥലമാണതെന്ന് മനസ്സിലാക്കിയ മാനേജ്മെന്റ് ഈ സ്ഥലത്തിനു പകരം അത്രയും സ്ഥലം അദ്ദേഹത്തിന്റെ വീടിനുടുത്തു തന്നെ കൊടുക്കാമെന്നറിയിച്ചപ്പോൾ, പള്ളിയിൽ നിന്നും സ്കൂളിനാവശ്യമായ സ്ഥലം വിട്ടുകൊടുത്തു. ആ സ്ഥലത്ത് 69–70 ൽ തന്നെ കുരുവിനാക്കുന്നേൽ തൊമ്മൻ തൊമ്മൻ മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ (K.T.T.M.L.P.S) എന്ന വിദ്യാലയവും ആരംഭിച്ചു. യു.പി.എസ് ൽ പഠിപ്പിച്ചിരുന്ന ബഹു. മരീനാമ്മയെ ഹെഡ്മിസ്ട്രസ് ആയി പ്രമോട്ട് ചെയ്ത് എൽ.പി.എസ് ലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു.

സ്കൂളിന്റെ പ്രവർത്തനത്തിലും വളർച്ചയിലും നാട്ടുകാരുടെ സാന്നിദ്ധ്യവും സഹകരണവും നിർലോഭമായിരുന്നു. സേവനവാര ദിനങ്ങളിൽ കുടിക്കാനും കഴിക്കാനും കൊടുത്ത് അവർ കുട്ടികളെ പ്രോത്സാഹിപ്പിച്ചിരുന്നു. സ്കൂളിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് സ്കൂൾ അങ്കണത്തിൽ പണി തീർത്ത ഓപ്പൺ സ്റ്റേജ് നാട്ടുകാരുടെ സഹകരണത്തിന്റെ പ്രതീകമാണ്.

കലാകായിക രംഗത്ത് അസൂയാവഹമായ നേട്ടം സ്കൂളിന് ഉണ്ടായി. യശഃശരീരനായ ശ്രീ എം.ജെ. മാത്യുവിന്റെ ഉത്സാഹം കായിക രംഗത്തെയും കലാകാരനും മേക്കപ്പ്മാനും ഒക്കെയായ ശ്രീ സുകുമാരൻ നായരുടെ പരിശ്രമം കലാരംഗത്തെയും പ്രഫുല്ലമാക്കി. ഏകാംഗ മത്സരത്തിൽ നമ്മുടെ സ്കൂൾ പല പ്രാവശ്യം സംസ്ഥാന ജേതാക്കളായി.

ഇവിടെ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ സ്വദേശത്തും വിദേശത്തും മികച്ച നിലയിൽ ജീവിക്കുന്നു. അവരിൽ ചിലരെ അമേരിക്ക, കാനഡ, ഇംഗ്ലണ്ട് തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് കാണുറുള്ള കാര്യം സഹാദ്ധ്യാപകർ പറയാറുണ്ട്. ജോസ് ടോം പുലിക്കുന്നേൽ, ഡിജോ കാപ്പൻ തുടങ്ങിയവരെപ്പോലെ ഇന്നാട്ടിൽ തന്നെ നല്ല സേവനം ചെയ്യുന്ന ഒട്ടനവധി വിദ്യാർത്ഥികളും നമ്മുടെ സ്കൂളിന്റെ അരുമ സന്തതികളാണ്. മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ വൈസ് ചാൻസിലർ ശ്രീ ബാബു സെബാസ്റ്റ്യൻ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയാണെന്ന് അഭിമാനത്തോടെ അനുസ്മരിക്കുന്നു.

മാസാദ്യ വെള്ളിയാഴ്ചകളിലെ ദേവാലയ പ്രാർത്ഥനകളും മാനേജരുടെ ഡേ ആയ ജൂലൈ 26ലെ ആഘോഷവും വർഷാന്ത്യത്തോടനുബന്ധിച്ച് മാനേജർ നടത്തുന്ന സ്നേഹവിരുന്നും മനസ്സിലെ മായാത്ത വർണ്ണ കാഴ്ചകളാണ്.

K.T.J.M.H.S ന്റെ പ്രവർത്തനങ്ങളിലും പുരോഗതിയിലും എല്ലാവരും സന്തുഷ്ടരായിരുന്നെങ്കിലും, കാലം മുന്നോട്ടു നീങ്ങുമ്പോൾ സ്കൂളിന്റെ നിലവാരം ഉയർത്തി, പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ആരംഭിച്ച് നാടിനെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് നയിക്കാൻ, മാനേജ്മെന്റ് CMI സഭയെ ഏല്പിക്കുന്നതാണ് നല്ലതെന്നുള്ള ഉൾവിളി ശ്രവിച്ച്, 1983 ൽ കുരുവിനാക്കുന്നേൽ തൊമ്മൻ തൊമ്മൻ ജോസഫ് മെമ്മോറിയൽ ഹൈസ്കൂൾ മൂന്നേക്കർ സ്ഥലം, എല്ലാവിധ ഉപകരണങ്ങൾ എന്നിവ സഹിതം CMI സഭയെ കുരുവിനാക്കുന്നേൽ മാനേജ്മെന്റ് നിരുപാധികം ഏല്പിച്ചു. ബഹു. ദൊസിത്തേവൂസച്ചനായിരുന്നു ആദ്യ വർഷത്തെ മാനേജർ. CMI മാനേജ്മെന്റിന്റെ കീഴിൽ ഒരു വർഷം ജോലി ചെയ്യാനുള്ള ഭാഗ്യവും എനിക്ക് ലഭിച്ചു.

രണ്ടു വിദ്യാലയങ്ങൾ, K.T.J.M.H.S ഉം K.T.T.M.L.P.S ഉം പടുത്തുയർത്തി ഈ നാടിനെ പുരോഗതിയിലേക്ക് കയറ്റിവിട്ട് അനുഗ്രഹിച്ച കുരുവിനാക്കുന്നേൽ (കോളം ഭാഗം) കുടുംബത്തോട് പ്രത്യേകിച്ച് പെണ്ണമ്മച്ചേടത്തി, തൊമ്മച്ചൻ ചേട്ടൻ, തൊമ്മിക്കുഞ്ഞു ചേട്ടൻ, മാത്തച്ചൻ എന്നിവരോട് ഞങ്ങൾക്കുള്ള അതിരില്ലാത്ത സ്നേഹാദരവുകളും നന്ദിയും കടപ്പാടുകളും രേഖപ്പെടുത്തുന്നതോടൊപ്പം CMI സഭയ്ക്കും മാനേജ്മെന്റിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

വി.ഒ. മത്തായി
(പ്രഥമ പ്രധാനാദ്ധ്യാപകൻ)



K.T.J.M. ലെ അദ്ധ്യാപകകുടുംബം




## പ്രവേശനോത്സവം



ജൂൺ ഒന്ന്. വിദ്യാരംഭം പ്രവേശനോത്സവമായി ആചരിച്ചു. ഇടവക ദൈവാലയങ്കണത്തിൽനിന്നും പ്രാർത്ഥനയോടെ ആരംഭിച്ച ജാഥ ചെണ്ടമേളത്തിന്റെ അകമ്പടിയോടെ സ്കൂൾ മൈതാനത്തേയ്ക്ക്

## വിജയദിനത്തിൽ



2016 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കൊണ്ടുവന്നവരെ ആദരിച്ചപ്പോൾ....



ദീപിക, മനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി എന്നീ പത്രങ്ങൾ മുടക്കംകൂടാതെ സ്കൂളിൽ എത്തുന്നു.




ജൂൺ 14 – രക്തദാനദിനം.
രക്തം കൊടുത്തും രക്തം കൊടുക്കുന്നതിന്റെ ആവശ്യകത പ്രചരിപ്പിച്ചും ആചരിച്ചു.




വൃക്ഷദിനാചരണം




നവീകരിച്ച കമ്പ്യൂട്ടർ ലാബിന്റെയും ബാസ്ക്കറ്റ്ബോൾ കോർട്ടിന്റെയും ഉദ്ഘാടനം



സ്വാതന്ത്ര്യദിനത്തിൽ സ്കൂൾ മാനേജർ ഫാ. ടോമി കാരാംവേലിൽ പതാക ഉയർത്തുന്നു.



കോഴിവളർത്തൽ, ആഹ്ലാദവും ആദായകരവും. ബാക്ക് യാർഡ് പൗൾട്രി ഫാമിന്റെ ഭാഗമായി കോഴി ക്കുഞ്ഞുങ്ങളെ കുട്ടികൾക്ക് വിതരണം ചെയ്തപ്പോൾ



മത്സര വിജയികൾ – വർക്ക് എക്സ്പീരിയൻസിന് ജില്ലയിൽ മത്സരിച്ചവർ

## സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ



പി.റ്റി.എ. എക്സിക്യൂട്ടീവിലെ മാതാപിതാക്കന്മാരുടെ പ്രതിനിധികൾ.



ഏബിൾ കോട്ടയം പദ്ധതിയുടെ ഭാഗമായി നടന്ന വിദ്യാഭ്യാസസെമിനാർ ജില്ലാ പഞ്ചായത്ത് മെമ്പർ പെണ്ണമ്മ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.



പ്രവൃത്തിപരിചയമേളയിൽനിന്ന്

മത്സരവേദിയിൽ








ഉല്ലാസയാത്രയ്ക്കിടയിൽ





# എന്റെ വിദ്യാലയ സ്മരണകൾ

### അഡ്വ. ജോസ് ടോം പുലിക്കുന്നേൽ

ആനിമൂട് ഗവ. എൽ.പി. എസ്., പൂവത്തോട്, സെന്റ് തോമസ് യു.പി. എസ് എന്നീ സ്കൂളുകളിലെ പഠനത്തിനു ശേഷം 1969 ജൂണിൽ ഞാൻ ഇടമറ്റം കെ.റ്റി.ജെ.എം ഹൈസ്കൂളിൽ 8–ാം ക്ലാസ്സിലെത്തി. അന്ന് ആൺകുട്ടികൾക്ക് കാക്കി നിക്കറും വെള്ള ഷർട്ടും പെൺകുട്ടികൾക്ക് നീല പാവാടയും വെള്ള ഷർട്ട് ബ്ലൗസും കർശന യൂണിഫോമായിരുന്നു. കുട്ടികൾക്ക് മുണ്ടുടുത്ത് സ്കൂളിൽ വരാൻ അനുവാദമില്ലായിരുന്നു. എപ്പോൾ ക്ലാസ് മുറിയിൽ എത്തിയാലും ആദ്യ ബെൽ മുഴങ്ങാതെ പുറത്തിറങ്ങാൻ അനുവാദമില്ലായിരുന്നു. കടയിൽ കയറുന്നതിന് വിലക്കും ഉണ്ടായിരുന്നു. കുട്ടികളെല്ലാം തെല്ലു ഭയത്തോടെ കാണുമായിരുന്നുവെങ്കിലും ഏറെ ആദരവോടെയും ബഹുമാനത്തോടെയും സ്നേഹിച്ചിരുന്ന വെട്ടത്ത് ശ്രീ വി. ഒ. മത്തായിസാറായിരുന്നു ഞങ്ങളുടെ പ്രഥമാദ്ധ്യാപകൻ. സ്കൂൾ മാനേജ്മെന്റ് കുരുവിനാക്കുന്നേൽ കുടുംബമായിരുന്നു. വെട്ടം സാറിന്റെ നേതൃത്വവും അദ്ധ്യാപകരുടെ സഹകരണവും കൂട്ടായ്മയും സമർത്ഥമായ മാനേജ്മെന്റും സ്കൂളിനെ നാൾക്കുനാൾ ഉന്നതിയിലേക്ക് നയിച്ചുകൊണ്ടിരുന്നു. 1972 മാർച്ചിൽ എന്റെ ബാച്ച് എസ്.എസ്.എൽ.സി പരീക്ഷയെഴുതി. ഞങ്ങൾക്ക് 100% വിജയം നേടാനായില്ല.

പാർലിമെന്ററി തെരഞ്ഞെടുപ്പു രീതിയിലാണ് സ്കൂൾ തെരഞ്ഞെടുപ്പ്. 1971–72 വർഷം ഞാൻ സ്കൂൾ പ്രധാനമന്ത്രിയായി. പൊതുപ്രവർത്തനത്തിൽ പല സ്ഥാനമാനങ്ങളിലുമെത്താൻ എന്റെ വിദ്യാലായ ജീവിതമാണ് എന്നെ ഒരുക്കിയതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. സ്കൂളിലെ ആദ്യസമരവും ആദ്യ ബസ് തടച്ചിലും ഇക്കാലത്തായിരുന്നു. ഏക ബസായ പി.കെ.എം.എസ് ഒരു ദിവസം മുഴുവൻ തന്നെ ഞങ്ങൾ തടഞ്ഞിട്ടു. സ്നേഹ ബഹുമാനപ്പെട്ട വെട്ടത്ത് മത്തായിസാറിനൊപ്പം ഇന്ന് നമ്മോടൊപ്പമില്ലാത്ത നീണ്ടൂർ എൻ.വി. ദേവസ്യാ സാറും സ്റ്റെല്ലാ മാരീസമ്മയും പി.സി. ജോസഫ് സാറും എം.എ. തോമസ് സാറും സുകുമാരൻ നായർ സാറും എന്റെ വിദ്യാലയ സ്മരണകളിൽ ജ്വലിച്ചു നിൽക്കുന്നുണ്ട് ഇപ്പോഴും. സ്കൂളിൽ ജോലി കിട്ടി വന്ന എം.എ. തോമസ് സാറ് ആദ്യം കണക്ക് പഠിപ്പിക്കാൻ വന്നത് ഞങ്ങളുടെ 8–ാം ക്ലാസ്സിലായിരുന്നു. സാറിന്റെ അന്നത്തെ അനുഭവ ഓർമ്മകളിൽ തീർച്ചയായും ഞാനുമുണ്ടായിരിക്കും. അരിമറ്റത്ത് വർക്കി സാറ് സ്കൂളിൽ സർവ്വവ്യാപിയായിരുന്നു. അംബ്രോസിനെയും ആൻഡ്രൂസിനെയും അതേ പോലെ ഇന്നും ഓർക്കുന്നു. ഒക്ടോബർ 2 മുതൽ 7 ദിവസം അക്കാലത്ത് ആഘോഷമായി നടത്തിയിരുന്ന സേവനവാരം ഓർമ്മകളിലെ വെള്ളിവെളിച്ചമാണ് ഇന്നും. സ്കൂളുകൾ സേവനവാരം അതേപടി ഇന്നും നടത്തണമെന്ന അഭിപ്രായമെനിക്കുണ്ട്. ഗുരുശിഷ്യ ബന്ധം അക്കാലഘട്ടത്തിലേതുപോലെ ഇന്ന് അത്ര ഊഷ്മളമല്ല. വിദ്യാലയമാണ് ഒരുവന്റെ ജീവിതത്തിന്റെ അടിസ്ഥാനങ്ങളിൽ പ്രമുഖം. ഭാവിയെല്ലാം അതിൽ പണിതുയർത്തുന്നവ മാത്രം.

ജ്വലിക്കുന്ന ഓർമ്മകൾ – മധുര സ്മരണകൾ.

# നിറമുള്ള നിമിഷങ്ങൾ



കാർഷികദിനമായ ചിങ്ങം 1 ന് 60 കൂട്ടം പച്ചക്കറിവിഭവങ്ങൾ പ്രദർശിപ്പിച്ചപ്പോൾ




പാചകക്ലാസ് – ഡോ. ജൂനോ ജോർജ് ഇലവിനാൽ കരിക്കിൻവെള്ളത്തിൽനിന്നും ഫുഡ്ഡിംഗ് ഉണ്ടാക്കാൻ കുട്ടികളെ പഠിപ്പിക്കുന്നു.




എസ്.പി.സി. സ്റ്റുഡന്റ്സ് യാത്രക്കാർക്ക് ശുഭയാത്ര ആശംസിക്കുന്നു.








പഠനം ആസ്വാദ്യകരം
പ്രകൃതിയുടെ സ്വച്ഛതയിൽ



കായികപരിശീലനത്തിൽ




ജനമൈത്രി പോലീസ് ആകാൻ



എയിഡ്സിനെതിരെ ബോധവത്ക്കരണവു
മായി ഐ.എച്ച്.എം.ഹോസ്പിറ്റലിലെ
നേഴ്സിംഗ് സ്റ്റുഡൻസ് സ്കൂളിലെത്തിയപ്പോൾ



## നൂറുമേനി കൊയ്യാൻ... 2017 ലെ എസ്.എസ്.എൽ.സി. ബാച്ച്



ABHIJITH K BINU, ABHIJITH SAJI, ABHIJITHKRISHNAN E K, ADARSH BIJU, ADVAITH SHAJI, AJITH K S, AJITHKRISHNAN E K, AKHIL ANEESH, AKHIL BABU, ALEENA S DEVAN, ALEENAMOL MATHEW, ALVIN SAJI, AMAL BABU

AMAL KURIAN, ANILA VARKEY, ANOOP ELDHOSE, ANUMOL JOHN, ARAVIND ASHOK, ARAVIND RENGANATHAN, ARJUN V ANIL, ARUNYA RAJU, ASHISH PAI, ASWIN P P, ATHIRA KRISHNAN, BENEDIC SHAJI, BIBIN BENNY

BILJO MATHEW, CHANDU SABU, CIYA JOHN, DAWN JOSEPH, DEVU MANOJ, DIVYA JOSEPH, DOMINIC SHAJI, DONY GEORGE, EBIN BABU, EDWIN JAMES TOMY, EMMANUEL SHALET, GEO GIGI, GEORGE JOHAN JOHN

GEORGE SURESH, H ANIRUDHAN, HARIKRISHNAN B, HARIKRISHNAN K, JAIMON JOHN, JAMES BIJO, JEFFIN BIJU LITTY, JERIN GEORGE, JIMMY THOMAS, JITHIN MATHEW JOSEPH, JOBIN JOHNY, JOEL JOSE, JOISE BIJU

JOMON JOSEPH, JOSIA K TOM, JOSYMOL JOSEPH, JYOTHI ROY, JYOTHIR JOHN, K M ADHITYAN, KATHRIN MARIA JOSHY, LIJU SAJU, MANJU MARIA, MANOOS MANOJ, MARTINA BABY, MATHEW K A, MAYA T A

NANDHANA MANOJ, NAYANA MANOJ, NEEMA RAJAN, NITHIN BIJU, PALLAVI R NAIR, PRAVEEN MANOJ, REGHU T, REMYA RAMESH, REMYA SAVIO, REVATHY R, ROHITH SANTHOS, SACHIN P J, SAJO JOSEPH

SONA SABU, SREEJITH K THANKACHAN, SURYA BABU, THADEVOOS KUNNUMPURAM, VIMAL K S, VISHNU NANDAN


Published by: Fr. Varkey Chakkalayil, Chief Editor, KTJM H.S., Edamattam
(For Private Circulation Only) Printed at: Seraphic Press, Bharananganam, Ph: 04822 - 236487, 237474